ശബരിമല വികസനം

*10 [56] *പ്രൊഫ. കെ. വി. തോമസ്:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എ. സുജനപാൽ:
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ എത്ര കാലത്തെ വികസനം കണക്കിലെടുത്തു കൊണ്ടാണ് ശബരിമല വികസനത്തിനുള്ള വനഭൂമി വിട്ടുതന്നിട്ടുള്ളത്;

(ബി) എത്ര വനഭൂമിയാണ് ശബരിമല വികസനത്തിന് വിട്ടുകിട്ടിയിട്ടുള്ളത്; എവിടെയെല്ലാമാണ് ഈ ഭൂമി വിട്ടുകിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ ശബരിമല തീർത്ഥാടകർക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങൾ ചെയ്യാനും വികസന പ്രവർത്തനങ്ങൾ നടത്താനുമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):*

(എ) ശബരിമലയുടെ മൊത്തം വികസനം ലക്ഷ്യമാക്കി അടുത്ത 40-50 വർഷത്തേക്കുള്ള പദ്ധതി കണക്കിലെടുത്താണ് വനഭൂമി വിട്ടുതന്നിട്ടുള്ളത്.

(ബി) നിലയ്ക്കലിൽ 140.524 ഹെക്ടർ വിട്ടുകിട്ടിയിട്ടുണ്ട്. പെരിയാർ ടൈഗർ റിസർവ്വ് ഏരിയയിൽ 12.675 ഹെക്ടർ വനഭൂമി വിട്ടുകിട്ടാൻ വേണ്ട അന്തിമ അനുമതിക്കുവേണ്ട നടപടി സ്വീകരിച്ചു വരുന്നു.

(സി) ശബരിമല തീർത്ഥാടകരുടെ സൗകര്യം കണക്കിലെടുത്ത്, നിലയ്ക്കലിൽ പാർക്കിംഗ് സൗകര്യം, ശുദ്ധജല വിതരണം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഏർപ്പെടുത്തുവാനും കൂടാതെ ആശുപത്രി, ഫയർ സ്റ്റേഷൻ, ടെലികോം സെന്റർ തുടങ്ങിയവയ്ക്കും പദ്ധതിയുണ്ട്.

പെരിയാർ ടൈഗർ റിസർവ് ഏരിയായിൽ നിന്നും ലഭിക്കുന്ന ഭൂമിയിൽ ക്യൂ കോംപ്ലക്സ്, നടപ്പാത വീതി കൂട്ടുക, നടപ്പാതയിലെ കുടിവെള്ള വിതരണം, കാർഡിയോളജി സെന്റർ, ഖരമാലിന്യ നിർമ്മാർജനം, മാലിന്യ സംസ്ക്കരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

*11 [57] *ശ്രീ. പി. സി. ജോർജ്ജ്:*
„ *കെ. കെ. ജയചന്ദ്രൻ:*
„ *എ. സി. മൊയ്തീൻ:*
„ *വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly